**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - രാജീവ്ഗാന്ധി എവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് പഠിക്കുന്ന ശ്രീ. മൊയ്തു എ. ആർ, ഭുവനേശ്വറിലെ ഗവൺമെന്റ് എവിയേഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന ശ്രീ. ഡേവിഡ് ലൂയിസ് എന്നീ 2 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ)നം.104/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 27.10.2018.

================================================================

പരാമർശം:
1. 25.09.2014 -ലെ ശ്രീ. മൊയ്തുവിന്റെ എ. ആർ -ന്റെ അപേക്ഷ.
2. 26.10.2015 -ലെ ശ്രീ. ഡേവിഡ് ലൂയിസിന്റെ അപേക്ഷ.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 21.07.2015, 16.11.2015, 16.08.2016, 17.10.2016, 05.09.2018 എന്നീ തീയതികളിലെ BCDD-A1-1124/15 നമ്പർ കത്തുകൾ.

**ഉത്തരവ്**

രാജീവ്ഗാന്ധി അക്കാദമി ഫോർ എവിയേഷനിലെ ശ്രീ. മൊയ്തു എ. ആർ, ഭുവനേശ്വറിലെ ഗവൺമെന്റ് എവിയേഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ ശ്രീ. ഡേവിഡ് ലൂയിസ് എന്നീ വിദ്യാർത്ഥികൾ 100% കേന്ദ്ര ധനസഹായത്തോടെ നടപ്പാക്കുന്ന ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഫ്ലെയിംഗ് സ്ഥാപനങ്ങളല്ലാത്തതിനാൽ വിദ്യാത്ഥികളുടെ അപേക്ഷകൾ കേന്ദ്ര സർക്കാർ തിരിച്ചയയ്ക്കുകയും സംസ്ഥാന സർക്കാരിന് സ്വന്തം ഫണ്ടിൽ നിന്ന് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തതായി പരാമർശ കത്ത് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിക്കുകയും വിദ്യാഭ്യാസ ആനുകൂല്യത്തിനായി അപേക്ഷകൾ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

2. കേന്ദ്ര സർക്കാർ മാനദണ്ഡ പ്രകാരം കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സ് ആനുകൂല്യത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് മെയിന്റനൻസ് അലവൻസും ഒരു മണിക്കൂർ പരിശീലന പറക്കലിന് 5000/- രൂപ നിരക്കിൽ ആകെ 200 മണിക്കൂറിന് 10 ലക്ഷം രൂപാ വീതവും അനുവദിക്കേണ്ടതുണ്ടെന്ന് പരാമർശ കത്തുകൾ പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2014 മുതൽ കോഴ്സ് ചെയ്യുകയും അതിന് യോഗ്യരെന്ന് കണ്ടെത്തിയിട്ടുമുള്ള ശ്രീ. മൊയ്തു എ. ആർ, ശ്രീ. ഡേവിഡ് ലൂയിസ് എന്നീ 2 അപേക്ഷകർക്ക് കോഴ്സ് പൂർത്തിയാക്കുന്നതിനായി ഒരു പ്രത്യേക കേസായി പരിഗണിച്ച് ഓരോരുത്തർക്കും

(.....2)

10 ലക്ഷം രൂപയിൽ അധികരിക്കാത്ത ധനസഹായം നൽകുന്നതിനും പ്രസ്തുത തുക പരിശീലനപ്പറക്കൽ സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി സമർപ്പിക്കുന്ന മുറയ്ക്ക് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി ശീർഷകമായ 2225-03-277-90 -ൽ നിന്നും ഘട്ടം ഘട്ടമായി അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

4. കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് കേന്ദ്ര സർക്കാർ അനുവദിച്ച പദ്ധതി നിലവിലുള്ളതിനാൽ വരും വർഷങ്ങളിൽ പ്രസ്തുത കോഴ്സിന് സംസ്ഥാന സർക്കാർ ആനുകൂല്യം ലഭ്യമാകുന്നതല്ല

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ.**
**ഗവ. ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
ശ്രീ. മൊയ്തു. എ. ആർ, താഴവാരം, പേഴുമൂട്, കുറ്റിച്ചൽ പി.ഒ, തിരുവനന്തപുരം - 695 574
ശ്രീ. ഡേവിഡ് ലൂയിസ്, തോട്ടുങ്കൽ ഹൗസ്, ചെട്ടിക്കാട് പി.ഒ, പാതിരാപ്പള്ളി, ആലപ്പുഴ – 688 521
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (17.05.2018-ലെ WW1/220/2018/ധന. പ്രകാരം)
ആസൂത്രണ സാമ്പത്തിക കാര്യ (എ) വകുപ്പ് (18.09.2017-ലെ ഇ.1568271/എ 1/17/പ്ലാനിംഗ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.